# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1893** — 14.07.2011-ൽ മറുപടിക്ക്

## ജല അതോറിറ്റിയിലെ പരിഷ്കാരങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. കെ. ദാസൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജല അതോറിറ്റിയെ ഒരു ഉപഭോക്തൃ സൗഹൃദ സ്ഥാപനമായി മാറ്റുന്നതിന് മുൻ സർക്കാർ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ ഇപ്പോഴും തുടരുന്നുണ്ടോ; | (എ) തുടരുന്നുണ്ട്. |
| (ബി) പ്രസ്തുത പരിഷ്കാരങ്ങൾ എന്തെല്ലാമായിരുന്നു; | (ബി) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി 10 അംഗ വർക്കിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നടന്നു വരുന്നു. വർക്കിംഗ് കമ്മിറ്റിയുടെ ഉപദേശപ്രകാരം കേരള വാട്ടർ അതോറിറ്റി ഉപഭോക്തൃ സൗഹൃദ സ്ഥാപനമാകുന്നതിന് പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുകയും, ബ്ലൂ ബ്രിഗേഡ് പ്രവർത്തനം 5 ഇടങ്ങളിൽ ആരംഭിക്കുകയും പൊതുജന സമ്പർക്കമുള്ള ഓഫീസുകളിൽ ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഉപഭോക്താക്കൾക്ക് കൂടുതൽ സേവനം ലഭ്യമാക്കുന്ന നടപടികൾ നടപ്പിലാക്കുന്നതിനും ശ്രമം ആരംഭിച്ചു.<br>പ്രോജക്ട് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് 13 പ്രോജക്ട് ഡിവിഷനുകൾ നിലവിലുണ്ടാ |

| | | | |
|---|---|---|---|
| | | | യിരുന്ന ഡിവിഷനുകൾ പുനർക്രമീകരിച്ച് രൂപീകരിച്ചിട്ടുണ്ട്. ജല നഷ്ടം കുറയ്ക്കുന്നതിനും, ജല വിതരണം/സിവറേജ് സംവിധാനം കൂടുതൽ ഇടങ്ങളിൽ വ്യാപിപ്പിക്കുന്നതിനും. ആസ്തികൾ തിട്ടപ്പെടുത്തുന്നതിനും. വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുന്നതിനുമുൾപ്പെടെയുള്ള പ്രവർത്തനമാണ് സ്ഥാപനശാക്തീകരണത്തിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. ഓഫീസുകളുടെ പുനക്രമീകരണവും വാട്ടർ അതോറിറ്റിയുടെ ആകെയുള്ള പുനക്രമീകരണവും നടപ്പിലാക്കുന്നതിനുവേണ്ടി ബാംഗ്ലൂരിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് വഴി പഠനം നടത്തി വരുന്നു. |
| (സി) | നിർദ്ദേശിക്കപ്പെട്ട എല്ലാ സ്ഥലങ്ങളിലും പരാതി പരിഹാരസെല്ലും ഹെൽപ്പ് ഡെസ്കും സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടോ; | (സി) | ഇല്ല. കേരള വാട്ടർ അതോറിറ്റിയിൽ 71 ഹെൽപ്പ് ഡസ്കുകൾ ആരംഭിച്ചു. ബാക്കിയുള്ള 53 സബ്ഡിവിഷൻ ഓഫീസുകളിൽ ഹെൽപ്പ് ഡസ്കുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| (ഡി) | ഇ-പെയ്മെന്റ് പ്രാവർത്തികമായിട്ടുണ്ടോ? | (ഡി) | പൊതുജനങ്ങൾക്ക് ഇ-പെയ്മെന്റ് വഴി വാട്ടർ ചാർജ്ജ് അടയ്ക്കുന്നതിനുള്ള സംവിധാനം തിരുവനന്തപുരത്ത് പ്രാവർത്തികമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ